ലോൺ അപേക്ഷകൾ

* 728. [20] ശ്രീ. സി. എ. മാത്യു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി തരുമോ :

(എ) 1954-55-ൽ ക്രെഡിറ്റ്ബാങ്കിൽ നിന്നും പണം ആവശ്യപ്പെട്ടുകൊണ്ട് എത്ര അപേക്ഷകൾ ലഭിച്ചു ;

(ബി) എത്ര അപേക്ഷകൾ അനുവദിച്ചു ; എത്ര പണം വായ്പയായി കൊടുത്തു ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) : (എ) 360.

(ബി) 147 അപേക്ഷകൾക്കായി 7,92,793 രൂപ 6പൈ. അനുവദിച്ചു.

STARRED QUESTIONS POSTED FOR ANSWER ON 13-4-1955.

Nationalising the Mineral Concerns.

* 729. [31] **Shri T. S. Ramaswamy:** will the Chief Minister be pleased to state:

(a) whether the Government have taken any steps for nationalising all the mineral concerns of the State;

(b) whether the Government have taken steps for terminating the mining agency system;

(c) whether the Government have explored the possibilities of directly dealing with the sale of minerals to foreign countries instead of dealing through agents;

(d) the terms and conditions of the mining agency contract and the rate of discount or profit allowed to the Agents?

Chief Minister **(Shri Panampilli Govinda Menon):**

(a) Certain changes in the set up of the mineral industry are under consideration. It is not in the public interest to disclose details at this stage.

(b) Sale of ilmenite is always subject to the approval of Government. It is usually sold direct to actual processors. Transactions are not usually through agents.

(c) †Copy of the Mining Agency Agreement is placed on the table.

(d) A basic cost of production is allowed to the Mining Agents viz., the Companies producing the minerals. The rate of profit allowed is 25% of the difference between the selling price and basic cost of production of the mineral sand. The selling price is fixed by Government.

ഫീൽഡ് അസിസ്റ്റൻറന്മാർ

* 730. [36] ശ്രീ. എൻ. ചന്ദ്രശേഖരൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി തരുമോ :

(എ) സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെൻറിലെ ഫീൽഡ് അസിസ്റ്റൻറന്മാരുടെ നിയമനം എന്നുമുതൽ അവർക്കു നൽകിയ ശമ്പളസ്കെയിൽ എന്തായിരുന്നു ;

†Please see Appendix VII.

LIBRARY ARCHIVES Kerala Legislative Assembly

(ബി) അന്ന് നിലവിലിരുന്ന വ്യവസ്ഥകൾ അനുസരിച്ച് അണ്ടർഗ്രാഡ്വേറ്റ് ക്ലാക്കന്മാരുടെ ശമ്പളസ്കെയിൽ എന്തായിരുന്നു?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം):

(എ) രൂപ 30-3-45.

(ബി) രൂപ 25-1-30.

സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റ്

* 731. [37] ശ്രീ. എൻ. ചന്ദ്രശേഖരൻനായർ: താഴെ കാണുന്ന ചോദ്യത്തിന് പൊതുജനാരോഗ്യവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സ്റ്റാറ്റിസ്റ്റിക്സ് ഡിപ്പാർട്ട്മെന്റ് 1954-ൽ റീ ഓർഗനൈസേഷൻ നടത്തിയ കാലത്ത് ഫീൽഡ് അസിസ്റ്റൻറന്മാരെ അവഗണിച്ചിട്ടുണ്ടെന്ന പരാതി ലഭിച്ചിട്ടുണ്ടോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം): അങ്ങനെ പരാതി ലഭിച്ചിട്ടില്ല.

STARRED QUESTIONS POSTED FOR ANSWER ON 15-4-1955

പട്ടികജാതി കോളേജ് വിദ്യാർത്ഥികളുടെ സ്റ്റൈപ്പൻറ്

* 732. [31] ശ്രീ. സി. കൊച്ചുകുഞ്ഞ്: താഴെ പറയുന്ന ചോദ്യത്തിന് തദ്ദേശ സ്വയംഭരണവകുപ്പു മന്ത്രി സദയം മറുപടി പറയുമോ:

(എ) 1954-55 വർഷത്തിൽ പട്ടികജാതി, പട്ടികവർഗ്ഗം എന്നീ വിഭാഗങ്ങളിൽപ്പെട്ട കോളേജ് വിദ്യാർത്ഥികൾക്ക് പ്രതിമാസം നൽകിയ സ്റ്റൈപ്പൻറ് തുക എന്തു;

(ബി) സ്റ്റൈപ്പൻറ തുക 45 രൂപയിൽനിന്നും 50 രൂപയായി വർദ്ധിപ്പിച്ചു ഗവണ്മെൻറ ഉത്തരവു പുറപ്പെടുവിച്ചിട്ടുണ്ടോ;

(സി) അടുത്തവർഷം സ്റ്റൈപ്പൻറ് തുക വർദ്ധിപ്പിക്കണമെന്നു ദ്ദേശിക്കുന്നുണ്ടോ?

തദ്ദേശസ്വയംഭരണവകുപ്പുമന്ത്രി (ശ്രീ. കെ. കൊച്ചുകുട്ടൻ):

(എ) 1954-55 വർഷത്തിൽ പട്ടികജാതി, പട്ടികവർഗ്ഗം എന്നീ വിഭാഗങ്ങളിൽപ്പെട്ട കോളേജ് വിദ്യാർത്ഥികളിൽ കോളേജിനു 5 മൈലിനകലെ സ്ഥിരതാമസമുള്ളവർക്ക് 45 രൂപാ വീതവും, കോളേജിനു 5 മൈലിനുള്ളിൽ സ്ഥിരതാമസമുള്ളവർക്ക് 40 രൂപാ വീതവും പ്രതിമാസം സ്റ്റൈപ്പൻറ നൽകിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) അതിനെപ്പറ്റി ആലോചിച്ചിട്ടില്ല.

മാച്ചിസ്റ്റൻ എസ്റ്റേറ്റിൽ നടന്ന വെടിവയ്പ്.

* 733. [32] ശ്രീ. എൻ. ചന്ദ്രശേഖരൻനായർ: താഴെ കാണുന്ന ചോദ്യത്തിന് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെടുമങ്ങാട് താലൂക്കിൽപ്പെട്ട മാച്ചിസ്റ്റൻ എസ്റ്റേറ്റിൽ മാനേജ്മെൻറ്, തൊഴിലാളികളുടെ നേരെ വെടിവച്ചതായി ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly